# പതിമൂന്നാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :758 08.03.2012- ൽ മറുപടിയ്ക്ക്

### വാഴോറമല കോളനിക്ക് ശുദ്ധജല പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് കോട്ടൂർ ഗ്രാമപഞ്ചായത്തുക ളിലുളള വാഴോറമല പട്ടിക ജാതി കോളനിക്ക് ശുദ്ധജലം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത മേഖലയിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതി അറിയിക്കുമോ? | (എ)<br>&<br>(ബി) | ഉണ്ട്<br>ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ പനങ്ങാട് പഞ്ചായത്തിലെ വഴോറമല പട്ടികജാതി കോളനിയിലേയ്ക്ക് 69 ലക്ഷം രൂപ മതിപ്പ് ചെലവിൽ ഒരു കുടിവെള്ള പദ്ധതിയ്ക്ക് പ്രൊപ്പോസൽ തയ്യാറാക്കി പനങ്ങാട് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതിന് തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. കോട്ടൂർ പഞ്ചായത്തിലെ വഴോറമല പ്രദേശങ്ങളിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ച് കൈമാറ്റം ചെയ്ത ഒരു കുടിവെള്ള പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിയിൽ നിന്നും ഗുണഭോക്താക്കൾക്ക് വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനായുള്ള സാദ്ധ്യതാപഠനം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ